പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1738 25.3.2013 ൽ മറുപടിക്ക്

**സബ്ബ് ഇൻസ്പെക്ടർ തസ്തികയിലെ നിയമനം**

ചോദ്യം

ശ്രീ. എ.എം. ആരിഫ്

മറുപടി

ശ്രീ. ഉമ്മൻ ചാണ്ടി

(മുഖ്യമന്ത്രി)

| | |
|---|---|
| എ) പോലീസ് സബ് ഇൻസ്പെക്ടർ തസ്തികയിലേക്ക് പി.എസ്.സി അവസാനമായി വിജ്ഞാപനം നടത്തിയത് എന്നാണ്; പ്രസ്തുത വിജ്ഞാപനത്തിന്മേൽ നിയമനം നടത്തിയിട്ടുണ്ടോ; | (എ) എസ്.ഐ ജനറൽ എക്സിക്യൂട്ടീവ് തസ്തികയിലേക്ക് 28.9.2007 ലും, എസ്.ഐ. ഡിസ്ട്രിക്റ്റ് എ.ആർ. റിസർവ്വ് തസ്തികയിലേക്ക് 14.1.2008 ലും ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് 13.8.2008 ലുമാണ് അവസാനമായി വിജ്ഞാപനം പുറപ്പെടുവിച്ചത്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ നിയമനം നടത്തിയിട്ടില്ല. |
| ബി) ആയതുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി)യും, (സി)യും OMR പരീക്ഷയിലെ ക്രമക്കേടുകൾ ആരോപിച്ച് പത്തോളം കേസുകളും, ചുരുക്കപ്പട്ടിക വികസിപ്പിക്കുക , കായികക്ഷമതാ പരീക്ഷയുടെ വീഡിയോ ടേപ്പുകൾ പരിശോധിച്ച് പുനർ മൂല്യനിർണ്ണയം നടത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നാൽപ്പതോളം കേസുകളും കോടതിയുടെ പരിഗണനയിലാണ്. കോടതികളിൽ ഇതു സംബന്ധിച്ച വസ്തുതകൾ ധരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത കേസിന്റെ വിധി പി.എസ്.സിക്ക് അനുകൂലമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | |
| ഡി) സബ് ഇൻസ്പെക്ടർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; | ഡി) എസ്.ഐ ജനറൽ എക്സിക്യൂട്ടീവ് <u>193 ഒഴിവുകൾ</u><br>എസ്.ഐ. ഡിസ്ട്രിക്റ്റ് എ.ആർ. റിസർവ്വ് <u>75 ഒഴിവുകൾ</u><br>ആംഡ് പോലീസ് ഇൻസ്പെക്ടർ 12 ഒഴിവുകൾ |
| ഇ) പ്രസ്തുത തസ്തികയുടെ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നവരും എന്നാൽ ഇപ്പോൾ പ്രായപരിധി കഴിഞ്ഞവരുമായ ഉദ്യോഗാർത്ഥികളുടെ താൽപര്യം സംരക്ഷിക്കുന്നതിനായി സത്വരനടപടികൾ സ്വീകരിക്കുമോ? | ഇ) പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ